**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 28.02.2024**

# "മുൻ പോലീസ് സബ് ഇൻസ്പെക്ടറെ കഠിന തടവിന് ശിക്ഷിച്ചു."

കോഴിക്കോട് ജില്ലയിലെ തൊട്ടിൽപാലം പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറായിരുന്ന സോമൻ. പി കൈക്കൂലി വാങ്ങിയ കേസ്സിൽ കോഴിക്കോട് വിജിലൻസ് കോടതി ഒരു വർഷം കഠിന തടവിനും 50,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചു.

2013 സെപ്റ്റംബർ മാസം മൂന്നാം തിയതി പരാതിക്കാരനെതിരെ കരുതൽ തടങ്കലിന് കേസ്സെടുക്കുമെന്നും, കേസ്സ് ഒഴിവാക്കുന്നതിന് 20,000/- രൂപ കൈക്കൂലി ആവശ്യപ്പെടുകയും, അടുത്ത ദിവസം ഇടനിലക്കാരൻ വഴി 10,000/- രൂപ കൈക്കൂലി വാങ്ങുകയും തൊട്ടടുത്ത ദിവസം ബാക്കി 10,000/- രൂപ കൈക്കൂലി വാങ്ങവെ കോഴിക്കോട് വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ആയിരുന്ന ശ്രീ. പ്രേം ദാസ് കൈയ്യോടെ പിടികൂടിയ കേസ്സിലാണ് തൊട്ടിൽപാലം പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടറായിരുന്ന സോമൻ കുറ്റക്കാരനാണെന്ന് കോഴിക്കോട് വിജിലൻസ് കോടതി കണ്ടെത്തി ഒരു വർഷം കഠിന തടവിനും, 50,000/- രൂപ പിഴ ഒടുക്കുന്നതിനും ശിക്ഷിച്ചത്.

കോഴിക്കോട് വിജിലൻസ് മുൻ ഡി.വൈ.എസ്.പി ശ്രീ. പ്രേം ദാസ് രജിസ്റ്റർ ചെയ്ത കേസ്സിൽ കോഴിക്കോട് വിജിലൻസ് ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. സജീഷ്, ശ്രീ. ഷൈജു, ശ്രീ.വഹാബ് എന്നിവർ അന്വേഷണം നടത്തി കോഴിക്കോട് വിജിലൻസ് ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. ജോസ്സി ചെറിയാൻ കുറ്റപത്രം

സമർപ്പിച്ച കേസ്സിലാണ് പ്രതിയായ സോമൻ കുറ്റക്കാരനാണെന്ന് കോഴിക്കോട് വിജിലൻസ് കോടതി കണ്ടെത്തിയത്.

പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. ശൈലജൻ. വി.കെ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.